**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 154** **27-01-2026 - ൽ മറുപടിയ്ക്ക്**

**സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലെ ജീവനക്കാരുടെ ചുമതലകളുടെയും ഉത്തരവാദിത്വങ്ങളുടെയും പുനക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ത്രിതല പഞ്ചായത്തുകളിൽ ഡാറ്റാ മാനേജർ തസ്തിക, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും സാമൂഹ്യനീതി വകുപ്പിലും സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ, റവന്യൂ താലൂക്കുകൾക്ക് ആനുപാതികമായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾ, സാസയെ മഹലനോബിസ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ റിസർച്ച് അക്കാദമി എന്ന പേരിൽ പുനർനാമകരണം ചെയ്യുക, 41 വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലെ ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും പുനക്രമീകരിക്കുക, സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷണർ എന്ന പേരിൽ IES/ISS/IAS കേഡറിലെ ഉദ്യോഗസ്ഥനെ വകുപ്പ് ഡയറക്ടറായി നിയമിക്കുക എന്നീ ആവശ്യങ്ങൾ മുൻനിർത്തി സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാന് 21/04/2025 ൽ നൽകിയ 143/2025/CRM കത്തിലെ വിഷയങ്ങൾ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | സംസ്ഥാന വിവരശേഖരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുവാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചുകൊണ്ട് 10.03.2025 ലെ സ.ഉ.(സാധാ)നം.83/2025/പി&ഇഎ പ്രകാരം ഉത്തരവായിട്ടുണ്ട്. 15/07/2025 ന് ചേർന്ന പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ യോഗം സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാൻ ശിപാർശ ചെയ്ത പ്രകാരം വിവിധ വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ കണ്ടെത്തി ഡയറക്ടറേറ്റിലെ വിവിധ ഡിവിഷനുകൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചും, ഡയറക്ടറേറ്റിലെ വിവിധ സെക്ഷനുകളിലെ ജീവനക്കാരെ പുന:ക്രമീകരിച്ചുകൊണ്ട് സർവ്വേ & റിസർച്ച് ഡിവിഷൻ വിപുലമാക്കുന്നത് സംബന്ധിച്ചും, മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ ജോലി ചെയ്തുവരുന്ന സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ജീവനക്കാരെ വകുപ്പിലേയ്ക്ക് പുനർവിന്യാസം ചെയ്ത് വിവിധ സർവ്വേകൾ നടത്തുന്നത് സംബന്ധിച്ചുമുള്ള വിഷയങ്ങളാണ് പരിഗണിച്ചത്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശകൾ സർക്കാർ പരിശോധിച്ച് വരികയാണ്. എല്ലാ കാര്യങ്ങളും പരിശോധിച്ച് മാത്രമേ ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |

സെക്ഷൻ ഓഫീസർ